**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1807** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാല മാർക്ക് വിവാദം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാലയിൽ പൂജ്യം മാർക്ക് ലഭിച്ച ഭരണപക്ഷ വിദ്യാർഥി സംഘടനാ നേതാവിന് ഇന്റേണൽ പരീക്ഷയിൽ ആറ് മാർക്ക് കൂട്ടിക്കൊടുത്ത് ബി.എസ്.സി. പരീക്ഷ ജയിപ്പിക്കാൻ തീരുമാനം എടുത്തെന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത നടപടി ചട്ടപ്രകാരമാണോ എന്ന് വിശദമാക്കാമോ; | (ബി) | കാലിക്കറ്റ് സർവകലാശാലയുടെ, വിദ്യാർത്ഥികളുടെ പരാതികൾ പരിഗണിക്കുന്നതിനുള്ള ബോർഡിന്റെ അന്വേഷണ സമിതിയുടെ 12.10.2023 -ലെ യോഗത്തിൽ പ്രസ്തുത വിദ്യാർത്ഥിയുടെ പരാതി, പരിഗണിക്കുകയും, പരാതി യഥാർത്ഥമാണെന്ന് സമിതി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നൽകിയ ബോർഡിന്റെ അന്വേഷണ സമിതിയുടെ ശിപാർശ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തു. 30.10.2023ന് നടന്ന സിൻഡിക്കേറ്റ് യോഗം ഇത് പരിഗണിക്കുകയും കോളേജ് തല പരാതി പരിഹാര സമിതിയുടെ ശിപാർശ അംഗീകരിക്കുകയും ചെയ്തു. |
| (സി) | നോമിനേറ്റഡ് സിൻഡിക്കേറ്റാണോ പ്രസ്തുത തീരുമാനം കൈക്കൊണ്ടത് എന്നും ഇങ്ങനെ ഒരു തീരുമാനം കൈക്കൊള്ളാൻ സിൻഡിക്കേറ്റിന് അധികാരം ഉണ്ടോ എന്നും വ്യക്തമാക്കാമോ? | (സി) | സിൻഡിക്കേറ്റ് ആണ് തീരുമാനം എടുത്തത്. പ്രസ്തുത പരാതിയിന്മേൽ വിദ്യാർത്ഥികളുടെ പരാതികൾ പരിഗണിക്കുന്നതിനുള്ള ബോർഡിന്റെ അന്വേഷണ സമിതിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നൽകിയ ശിപാർശ, സിൻഡിക്കേറ്റ് പരിഗണിക്കുകയും കോളേജ് പരാതി പരിഹാര സമിതിയുടെ ശിപാർശ അംഗീകരിക്കുകയുമാണ് ചെയ്തത്. |

സെക്ഷൻ ഓഫീസർ